**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2397 **12.02.2020**-ലെ മറുപടിക്ക്

## റബർ അധിഷ്ഠിത വ്യവസായ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) 2018-19 ലെ ബജറ്റിൽ പ്രഖ്യാപിച്ച റബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | **(എ)** 2018-19 ബജറ്റിൽ പ്രഖ്യാപിച്ച റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ആനക്കല്ലിൽ 200 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | **(ബി) & (സി)** പഠനം നടത്തിയിട്ടുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ ഇത് സംബന്ധിച്ച് കിൻഫ്ര നടത്തിയ പഠനത്തിൽ പ്രസ്തുത ഭൂമിയുടെ വില കൂടുതൽ ആയതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അനുയോജ്യമല്ലെന്നും ഭൂമി ഏറ്റെടുക്കുന്നത് പ്രായോഗികമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടാൽ ഉടൻ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**